11-807
14/9/15

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ഇടുക്കി ജില്ലയിൽ പിതാവിന്റെയും രണ്ടാനമ്മയുടെയും ക്രൂരപീഡനത്തിനിരയായ മാസ്റ്റർ ഷെഫീഖിന്റെ പരിചരണത്തിലേർപ്പെട്ടിരിക്കുന്ന കുമാരി എ. എച്ച്. രാഗിണിക്ക് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ഇടുക്കി ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സ്ഥിരനിയമനം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

സാമൂഹ്യ നീതി (എ) വകുപ്പ്

സ. ഉ (കൈ) നം. 58/15/സാ.നീ.വ. തീയതി, തിരുവനന്തപുരം, 10.09.2015.

പരാമർശം :- സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 31.08.2015 ലെ ഐസിപിഎസ് - 1/30957/15 നമ്പർ കത്ത്.

## ഉത്തരവ്

ഇടുക്കി ജില്ലയിൽ പിതാവിന്റെയും രണ്ടാനമ്മയുടെയും ക്രൂരപീഡനത്തെത്തുടർന്ന് അത്യാസന്ന നിലയിലായ മാസ്റ്റർ ഷെഫീഖ് എന്ന അഞ്ചുവയസ്സുകാരനെ ഇടുക്കി ചൈൽഡ് വെൽഫെയർ കമ്മിറ്റി ഏറ്റെടുത്ത് സർക്കാരിന്റെ മേൽനോട്ടത്തിൽ ചികിത്സ നൽകുകയും ഇടുക്കി വണ്ടിപ്പെരിയാറിലുള്ള സ്വധർ ഷെൽട്ടർ ഹോമിൽ സംരക്ഷിക്കപ്പെട്ടുവരികയുമാണ്. മാസ്റ്റർ ഷെഫീഖ് ചികിത്സയിലായിരുന്നപ്പോഴും ചികിത്സയ്ക്ക് ശേഷം സ്വധർ ഷെൽട്ടർ ഹോമിൽ സംരക്ഷണയിൽ ഇരുന്നപ്പോഴും 2013 ആഗസ്റ്റ് 15 മുതൽ നാളിതുവരെ കുട്ടിക്ക് വേണ്ട ശ്രദ്ധയും പരിചരണവും നൽകിയത് കുമാരി എ. എച്ച്. രാഗിണി, അനൈ ഇല്ലം, കോലാഹലമേട്, പീരുമേട് എന്നയാളാണ്. കുമാരി രാഗിണിക്ക് ഷെഫീഖുമായി യാതൊരു രക്തബന്ധവുമില്ലെന്നും പത്താം ക്ലാസ് വരെ പഠിച്ചയാളും അവിവാഹിതയുമായ ടിയാൾ അഴുത ഐ. സി. ഡി. എസ് പ്രോജക്ടിലെ ഏലപ്പാറ പഞ്ചായത്തിലെ 60-ാം നമ്പർ അംഗൻവാടി കേന്ദ്രത്തിൽ അംഗൻവാടി ഹെൽപ്പറായി ജോലി ചെയ്തുവരുന്ന അവസരത്തിലാണ് മാസ്റ്റർ ഷെഫീഖിന്റെ കെയർ ടേക്കർ ആയി ചുമതലയേറ്റതെന്നും പെറ്റമ്മ നൽകുന്ന സ്നേഹവും പരിചരണവും കുട്ടിക്ക് നൽകിയത് സർവ്വരാലും പ്രശംസിക്കപ്പെട്ടതാണെന്നും രാഗിണിയുടെ ഭാവി സുരക്ഷിതമാക്കുന്നതിലേക്കായി സ്ഥിരവരുമാനമുള്ള ജോലി നൽകണമെന്നഭ്യർത്ഥിച്ചുകൊണ്ട് ബഹു. മുഖ്യമന്ത്രിയ്ക്ക് നിവേദനം സമർപ്പിക്കുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മാസ്റ്റർ ഷെഫീഖിന്റെ കെയർ ഗിവർ ആയ കുമാരി എ. എച്ച്. രാഗിണി, അനൈ ഇല്ലം, കോലാഹലമേട്, പീരുമേട്, ഇടുക്കി - യ്ക്ക് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ഇടുക്കി ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 8500 – 13210/- രൂപ ശമ്പളസ്കെയിലിൽ സ്ഥിരനിയമനം നൽകുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
ഷാജഹാൻ. എ,
സ്പെഷ്യൽ സെക്രട്ടറി

കുമാരി രാഗിണി. എ. എച്ച്, അനൈ ഇല്ലം, കോലാഹലമേട്. പി. ഒ, ഇടുക്കി (ജില്ല)
കേരളം.

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.
വിവര പൊതുജന സമ്പർക്ക വകുപ്പ് വെബ് ആന്റ് ന്യൂ മീഡിയ
(വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
പൊതുഭരണ (എസ്. എസ്) വകുപ്പ്. (02.09.2015 ലെ 7351 നമ്പർ മന്ത്രിസഭായോഗ
നടപടിക്കുറിപ്പ് പ്രകാരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.